പതിമൂന്നാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 2109 | 23.03.2012-ൽ മറുപടിയ്ക്ക്

വൈദ്യുതി ആസൂത്രണത്തിലെ പിഴവ്.

| ചോദ്യം<br>ശ്രീ. എം. ഹംസ : | | ഉത്തരം<br>ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജ വകുപ്പു മന്ത്രി) | |
|---|---|---|---|
| (എ) | വൈദ്യുതി ആസൂത്രണത്തിലെ പിഴവ് സംസ്ഥാനത്തെ അതിരൂക്ഷമായ വൈദ്യുതി പ്രതിസന്ധിയിലേക്ക് എത്തിക്കുന്നതായ ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇക്കാര്യത്തിൽ സർക്കാരിൻെറ നിലപാട് വ്യക്തമാക്കുമോ ; | (എ) | വൈദ്യുതി ആസൂത്രണത്തിൽ പിഴവുണ്ടായിട്ടില്ല. |
| (ബി) | വേനലിന് മുമ്പ് ഇടുക്കിയിൽ അമിത ഉല്പാദനം നടത്തിയത് സംസ്ഥാനത്ത് വൈദ്യുതി പ്രതിസന്ധിയുണ്ടാക്കുന്നതിന് കാരണമായിട്ടുണ്ടോ ; | (ബി) | കെ. എസ്. ഇ. ബിയുടെ ജലസംഭരണികളിലെ മൊത്തം ജലശേഖരം കണക്കിലെടുത്താണ് വൈദ്യുതോൽപാദനം നിയന്ത്രിക്കുന്നത്. ഓരോ സമയത്തും ഓരോ പ്രത്യേക ജലവൈദ്യുത പദ്ധതികളിൽ നിന്നുള്ള ഉൽപ്പാദനത്തിൽ സാമൂഹിക, സാങ്കേതിക പരിതസ്ഥിതികൾ അനുസരിച്ച് ഏറ്റക്കുറച്ചിലുകൾ വരുത്താറുണ്ട്. സംസ്ഥാനത്തെ മൊത്തം വൈദ്യുതി ഉൽപ്പാദനത്തിന് കോട്ടം വരാത്ത രീതിയിലാണ് ഇപ്രകാരമുള്ള നിയന്ത്രണങ്ങൾ നടപ്പിലാക്കുന്നത്. |
| (സി) | വൈദ്യുതി പ്രതിസന്ധി മറികടക്കാൻ കായംകുളം താപവൈദ്യുതി നിലയത്തിൽ ഉൽപാദനം പുനരാരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; ഇത് വൈദ്യുതി ബോർഡിന് കൂടുതൽ സാമ്പത്തിക ബാദ്ധ്യതയുണ്ടാക്കുമെന്ന് കരുതുന്നുണ്ടോ ; വിശദമാക്കുമോ ? | (സി) | സംസ്ഥാനത്തിൻെറ മൊത്തം വൈദ്യുതി ആവശ്യങ്ങൾ നിയന്ത്രണം കൂടാതെ നിറവേറ്റുന്നതിന് കായംകുളം താപവൈദ്യുതി നിലയത്തിൽ നിന്നുള്ള ഉൽപ്പാദനത്തെ അത്യാവശ്യ സന്ദർഭങ്ങളിലെല്ലാം ആശ്രയിക്കുന്നുണ്ട്. ഇതുമൂലം വൈദ്യുതി ബോർഡിന് വൈദ്യുതി വാങ്ങൽ ഇനത്തിൽ |

കൂടുതൽ ചെലവ് വരുന്നുണ്ട്. കായംകുളം നിലയത്തിൽ നിന്നുള്ള വൈദ്യുതിയുടെ വില ഇപ്പോൾ യൂണിറ്റൊന്നിന് ഏകദേശം 11.43 രൂപയാണ്. ഈ വൈദ്യുതിയും നില വിലുള്ള താരിഫിൽ വിൽക്കുമ്പോൾ യൂണിറ്റൊന്നിന് ശരാശരി 3 രൂപ 70 പൈസ മാത്രമേ ബോർഡിന് ലഭിക്കുന്നുള്ളൂ.

സെക്ഷൻ ഓഫീസർ.